വഴിവെളിച്ചം

# തിരസ്കരിക്കപ്പെടാത്ത പ്രാർഥനകൾ

عَنْ أَبِى هُرَيرَة رَضِي اللَّه عنه قَال : قَالَ رَسُولُ اللَّه ﷺ : ثَلاَثَة لاَ تُرَدُّ دَعْوَتُهُم : الصَّائِمُ حَتَى يُفْطِرَ ، وَالإمَامُ العَادِلُ ، وَدَعْوَةُ المَظْلُومِ يَرْفَعُهَا اللَّهُ فَوْقَ الغمَامِ وَيَفْتَحُ لَهَا أَبْوَابَ السَّمَاءِ ، وَ يَقُولُ الرَّبُّ : وَعِزَّتِى ، لَأَنْصُرَنَّكَ وَلَوْ بَعْدَ حِينٍ .

**അബൂഹുറയ്റ(റ)യിൽനിന്ന്: നബി(സ) പറഞ്ഞു: "മൂന്ന് പേരുടെ പ്രാർഥനകൾ തിരസ്കരിക്കപ്പെടുന്നതല്ല: നോമ്പുകാരൻ, നോമ്പുതുറക്കുന്നതുവരെ; നീതിമാനായ ഭരണാധികാരി; അക്രമിക്കപ്പെട്ടവന്റെ പ്രാർഥന. മേഘങ്ങൾക്കുമീതെ അല്ലാഹു അതിനെ ഉയർത്തിക്കൊണ്ടുപോവുകയും ആകാശകവാടങ്ങൾ അതിനായി തുറന്നുവെക്കുകയും ചെയ്യും. അല്ലാഹു പറയും: എന്റെ പ്രതാപം തന്നെയാണ, നിന്നെ ഞാൻ സഹായിക്കുകതന്നെ ചെയ്യും, അൽപം കഴിഞ്ഞാണെങ്കിലും ശരി." (തിർമിദി: 3598)***

**അല്ലാഹു** ഉറപ്പായും പ്രാർഥന സ്വീകരിക്കുന്ന മൂന്ന് വിഭാഗങ്ങളെക്കുറിച്ചാണ് ഈ നബിവചനം. നോമ്പുകാരനാണ് അതിൽ ഒന്നാമത്തേത്. അല്ലാഹുവിന്റെ പ്രീതിയും കാരുണ്യവും തേടി അനുഷ്ഠിക്കുന്ന ശ്രേഷ്ഠമായ ഇബാദത്താണ് നോമ്പ്. നോമ്പുകാരൻ ലൗകികമായ ചാപല്യങ്ങളിൽനിന്നും താൽപര്യങ്ങളിൽ നിന്നും തന്റെ ആത്മാവിനെയും ശരീരത്തെയും ശുദ്ധീകരിക്കുന്നവനാണ്. മുഴുവൻ അവയവങ്ങളെയും സ്രഷ്ടാവിന്റെ കൽപനകൾക്കനുസൃതമായി ക്രമീകരിക്കാൻ ഓരോ നിമിഷവും അത്യദ്ധ്വാനം ചെയ്യുന്നവൻ. നീചമായ ഒരു വാക്കും നോമ്പുകാരനിൽനിന്നുണ്ടാവില്ല. അല്ലാഹുവിനെക്കുറിച്ചുള്ള ഓർമയിലും അവന്റെ കൽപനകളോടുള്ള വിധേയത്വത്തിലും ജീവിക്കുകയാണ് അയാൾ. അല്ലാഹുവിന് അവൻ പ്രിയങ്കരനായി തീരുന്നതിൽ ഒട്ടും അത്ഭുതമില്ല. ഇതുകൊണ്ടാണ് നോമ്പുകാരനെ അല്ലാഹു പ്രത്യേകം പരിഗണിക്കുന്നതും അവന്റെ പ്രാർഥനകൾക്ക് ഉത്തരം കൊടുക്കുന്നതും. നബി(സ) പറഞ്ഞു: "നോമ്പുകാരന്റെ ഉറക്കം ദൈവാരാധനയും അവന്റെ മൗനം ദൈവസ്മരണയുമാണ്. അവന്റെ പ്രവൃത്തികൾക്ക് ഇരട്ടി പ്രതിഫലം നൽകപ്പെടുന്നതും പ്രാർഥനകൾ സ്വീകരിക്കപ്പെടുന്നതുമാണ്. പാപങ്ങൾ അല്ലാഹു അവന് പൊറുത്തുകൊടുക്കുകയും ചെയ്യും." (ബൈഹഖി). "എല്ലാ നോമ്പുകാർക്കും അല്ലാഹുവിന്റെ അടുക്കൽ സ്വീകരിക്കപ്പെടുന്ന ഒരു പ്രാർഥനയുണ്ട്. ഒന്നുകിൽ ഐഹിക ലോകത്ത് വെച്ചുതന്നെ അല്ലാഹു അവർക്കത് നൽകും; അല്ലെങ്കിൽ പാരത്രിക ലോകത്തേക്ക് വേണ്ടി അത് കരുതിവെക്കും" (കൻസുൽ ഉമ്മാൽ).

അബൂഹുറയ്റ(റ)യിൽനിന്ന് ഇമാം തിർമിദി ഉദ്ധരിക്കുന്ന മറ്റൊരു റിപ്പോർട്ടിൽ 'നോമ്പുകാരൻ നോമ്പു തുറക്കുന്നതുവരെ' എന്നതിനു പകരം 'നോമ്പുകാരൻ നോമ്പുതുറക്കുമ്പോൾ' എന്നാണുള്ളത്(തിർമിദി-2526). അതിനർഥം നോമ്പെടുക്കുന്നവന് നൽകപ്പെട്ട ഈ ആനുകൂല്യം ഏറ്റവും കൂടുതൽ പരിഗണിക്കപ്പെടുക നോമ്പുതുറക്കുന്ന വേളയിലാണ് എന്നാണ്. കർമങ്ങൾക്ക് പ്രതിഫലം നൽകപ്പെടുക അവയിൽനിന്ന് വിരമിക്കുമ്പോഴാണല്ലോ. നബി(സ) പറഞ്ഞു: "നോമ്പുകാരന് നോമ്പുതുറക്കുന്ന സന്ദർഭത്തിൽ തിരസ്കരിക്കപ്പെടാത്ത ഒരു പ്രാർഥനയുണ്ട്" (ഇബ്നുമാജ, ഹാകിം).

നീതിമാനായ ഭരണാധികാരി പ്രജകൾക്ക് ആശ്വാസം നൽകുന്നവനാണ്. ജനങ്ങളുടെ ക്ഷേമവും ഐശ്വര്യവുമായിരിക്കും അയാളുടെ ലക്ഷ്യം. മറ്റുള്ളവർക്കുവേണ്ടി തന്റെ ആവശ്യങ്ങൾ മാറ്റിവെക്കാനും സ്വയം പ്രയാസങ്ങൾ ഏറ്റുവാങ്ങാനും അയാൾ തയാറാവും. അതിനാൽ അയാളുടെ പ്രാർഥനകളും സ്വീകരിക്കപ്പെടും. നബി(സ) പറഞ്ഞു: "അന്ത്യനാളിൽ അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ടവനും അവനോട് ഏറ്റവും സമീപസ്ഥനും നീതിമാനായ ഭരണാധികാരിയായിരിക്കും; അല്ലാഹുവിന് ഏറ്റവും കൂടുതൽ വെറുപ്പുള്ളവനും അവനിൽനിന്ന് വിദൂരസ്ഥനുമായവൻ അക്രമിയായ ഭരണാധികാരിയായിരിക്കും" (അഹ്മദ്, തിർമിദി, ത്വബ്റാനി).

മർദിതന്റെ പ്രാർഥനയും സ്വീകരിക്കപ്പെടുമെന്നാണ് നബിവചനത്തിന്റെ ഒടുവിൽ പറയുന്നത്. ആലംബഹീനരായ അവശ വിഭാഗങ്ങളോടുള്ള ഐക്യദാർഢ്യവും കാരുണ്യവുമാണത്. നബി(സ) പറഞ്ഞു: "അക്രമിക്കപ്പെട്ടവന്റെ പ്രാർഥനയെ നിങ്ങൾ സൂക്ഷിക്കുക! എന്തെന്നാൽ ഒരു തീപ്പൊരി കണക്കെ അത് ആകാശലോകത്തേക്ക് ഉയർന്നു പോവുന്നതാണ്" (ഹാകിം). മുആദുബ്നു ജബലി(റ)നെ യമനിലേക്ക് ഗവർണറായി നിശ്ചയിച്ചപ്പോൾ നബി(സ) പ്രത്യേകം ഓർമിപ്പിച്ചു: "മർദിതന്റെ പ്രാർഥനയെ നീ ഭയപ്പെടുക! കാരണം ആ പ്രാർഥനയുടെയും അല്ലാഹുവിന്റെയും ഇടയിൽ യാതൊരു മറയുമുണ്ടായിരിക്കില്ല" (ബുഖാരി, മുസ്‌ലിം).

പ്രാർഥനകൾക്ക് ഉത്തരം കിട്ടാൻ ധൃതികാണിക്കരുത് എന്നൊരാശയം കൂടി ഈ നബിവചനത്തിലുണ്ട്. ചോദിക്കുന്നതെല്ലാം വിവേചനബോധമില്ലാതെ നൽകുക എന്നതല്ല അല്ലാഹുവിന്റെ രീതി. സർവകാര്യങ്ങളിലും അവന്റെ യുക്തിയും അറിവും പ്രവർത്തിക്കുന്നുണ്ട്. അവക്ക് വിധേയമായി മാത്രമേ പ്രപഞ്ചത്തിൽ എന്തും സംഭവിക്കൂ. അതിനാൽ പ്രാർഥനയോടൊപ്പം ക്ഷമയും അവധാനതയും കൂടി ഉണ്ടാവേണ്ടതുണ്ട്.

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം തിർമിദി, അഹ്മദ്, ഇബ്നുമാജ, ഇബ്നു ഖുസൈമ, ഇബ്നു ഹിബ്ബാൻ തുടങ്ങിയവർ ഈ നബിവചനം ഉദ്ധരിച്ചിട്ടുണ്ട്. ഈ ഹദീസ് ഹസൻ ആണെന്ന് ഇമാം തിർമുദി സാക്ഷ്യപ്പെടുത്തുന്നു (സുനനുത്തിർമിദി, വാല്യം: 5, പേജ്: 578).